بسم الله الرحمن الرحيم

**വെള്ളിയാഴ്ച ഖുത്തുബ** **** ഹസ്രത്ത് ഖലീഫത്തുല്ലാ അൽമസീഹുൽ മൗഊദ്*

മുനീർ അഹമ്മദ് അസീം

**24th September 2010**

ഹസ്റത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ അൽ മസീഹ് അൽ മഊദ്, 2010 സെപ്റ്റംബർ 24–ാം തീയതി ചെയ്ത ജുമുഅ ഖുതുബയുടെ മലയാള പരിഭാഷ.

തശ്ഹദും താഊദും സൂറ ഫാത്തിഫ തിലാവത്തിനുശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞു.

ആഗസ്റ്റ് മാസം 6–ാം തീയതി, വിവാഹത്തെക്കുറിച്ച് ഞാൻ നടത്തിയ ജുമുത്ത ഖുമ്പുബയിൽ, റമദാൻ മാസത്തിനുശേഷം ഈ വിഷയം തുടർന്നു സംസാരിയ്ക്കാം എന്നു പറഞ്ഞിരുന്നു.

വിവാഹം ദൈവാരാധനയ്ക്കു തുല്യമായ ഒരു പ്രവൃത്തിയാണ്. ജീവൻ സംരക്ഷിക്കപ്പെടണം എന്നതും വിധിനിർണ്ണയ നാൾ വരെയും അതു നിലനിർത്തണം എന്നതും ഇസ്ലാമിക അദ്ധ്യാപനങ്ങളിൽ ഉൾപ്പെടുന്നതാണ്. അതുകൊ് തന്നെയാണ് ഇസ്ലാം വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നത് കുട്ടികളും പേരക്കുട്ടികളുമായി അങ്ങനെ വംശം നില നിൽക്കേ തു്.

"അല്ലാഹു നിങ്ങളിൽ നിന്നു തന്നെ ഇണകളെ ഉാക്കിയിരിക്കുന്നു. നിങ്ങളുടെ ഇണകളിൽ നിന്നു പുത്രന്മാരെയും പൗത്രന്മാരെയും അവൻ ഉാക്കിത്തരുകയും നല്ല വിഭവങ്ങളിൽ നിന്ന് നിങ്ങൾക്കവൻ ആഹാരം നൽകുകയും ചെയ്തു." (16:73 അന്നഹ്ൽ)

ഇസ്ലാം ഏകാന്തവാസത്തെ അഥവാ ആശ്രമവാസത്തെ നിഷേധിക്കുന്നു എന്ന വസ്തുത ഈ ഖുർആനിക വചനങ്ങൾ സുവ്യക്തമാക്കുന്നു. ഒരു സന്ന്യാസിയേയോ ഒരു കന്യാസ്ത്രീയേയോ സംബന്ധിച്ചിടത്തോളം അവരുടെ ജീവതന്തു ആ ജീവിതത്തോടെ അവസാനിക്കുകയാണ്. ഏകാന്തവാസം നയിച്ചു കൊുള്ള ദൈവാരാധന മനുഷ്യൻ സ്വയം കത്തെിയതാണ്. ഇതു സർവ്വ വ്യാപകമായിപ്പോയാൽ മനുഷ്യത്വത്തിന്റെ അഥവാ ലോകത്തിന്റെ തന്നെ നാശം സംഭവിക്കും. അതുകൊുതന്നെ ഇസ്ലാം വിവാഹത്തെ ദൈവരാധനയ്ക്കു തുല്യമായ പ്രവൃത്തി എന്നു വിശേഷിപ്പിച്ചിരിക്കുന്നതിൽ ആശ്ചര്യപ്പെടാനില്ല. നിയമാനുസൃതമായ ചട്ടക്കുടിൽ നിന്നുകൊ് ആഗ്രഹനിവൃത്തി വരുത്തിക്കൊള്ളുക എന്ന കല്പന അനുസരിക്കുന്നത് ആരാധനയാണ്. അതിന് ആ വ്യക്തിയ്ക്കു പ്രതിഫലം നൽകപ്പെടുകയും ചെയ്യും. നബി (സ) പറയുന്നു. പരിശുദ്ധനും നിർദ്ദോഷവാനുമായി ക്കൊ് ആര് അല്ലാഹുവിന്റെ തിരുമുമ്പിൽ ഹാജരാക്കുവാൻ ആഗ്രഹിയ്ക്കുന്നുവോ അവൻ, സച്ചരിതയും ധർമ്മിഷ്ഠയുമായ യുവതിയെ വിവാഹം കഴിക്കട്ടെ.

മാത്രമല്ല, 1. കൃതജ്ഞതാ പൂർണ്ണമായ ഹൃദയം
2. ഈശ്വര സ്തുതി നിർഭരമായ നാവ്,
3. കഠിനമായ പരീക്ഷണങ്ങൾ നേരിടേിവരുന്ന ശരീരം
4. ഭർത്താവിന്റെ സമ്പത്തുകൊാോ സ്വയം കൃതാനർത്ഥം

കൊാോ ഭർത്താവിന്  ഒരു ദോഷവും വരുത്തിവയ്ക്കാത്ത നല്ലവളായ ഭാര്യ ഈ നാലു കാര്യങ്ങൾ കരസ്ഥമാക്കിയാൽ ഇഹത്തിലും പരത്തിലും നല്ലതുവരും  എന്നും ഹദീസിൽ പറയപ്പെട്ടിരിക്കുന്നു. തളർച്ചയോ പരാജയ മനോഭാവമോ കൂടാതെ കടമ കൾ നിറവേറ്റുകയും ചുമതലകളെ ബഹുമാനിയ്ക്കുകയും ചെയ്യുന്ന, വീര്യമുള്ളതും ഉറച്ച നിലപാടുള്ളതുമായ വ്യക്തിത്വത്തെയാണ് 'കഠിന പരീക്ഷണങ്ങൾ നേരിടേി വരുന്ന ശരീരം' എന്നതുകൊ് ഉദ്ദേശിക്കുന്നത്.

ഒരു മുസ്ലിം എങ്ങനെയുള്ള സ്ത്രീയെ വിവാഹം കഴിക്കണം എന്നത് വ്യക്തമായ ഉത്തരം ലഭിയ്ക്കേ  ഒരു ചോദ്യമാണ്. മൃഗങ്ങളെ പോലെ ക്രമാതീതമായി പ്രത്യുല്പാദനം നടത്താൻ വേിയുള്ള ഒത്തുചേരലല്ല വിവാഹം എന്ന വസ്തുത നാം മനസ്സിലാക്കണം. ഇസ്ലാമിക കുടുംബം എന്നാൽ ധർമ്മനിഷ്ഠയും ജീവചൈ തന്യവും ഒരു പോലെ വിളങ്ങുന്നതും നിലനില്ക്കുന്നതുമായിരിക്കണം. വിശ്വാസവും അഭിവൃദ്ധിയുമാണ് പ്രജനനം ചെയ്യപ്പെടേത്. കഴിച്ചും കുടിച്ചു മദിച്ചും ആർത്തുല്ല സിച്ചും നടക്കുവാൻ മാത്രമറിയുന്ന തലമുറകളെ ജനിപ്പിക്കുക എന്നതല്ല അതിന്റെ ഉദ്ദേശ്യം.

ജിവിതത്തിന്റെ നിയോഗം തിരിച്ചറിയാൻ കഴിവുള്ള തലമുറകൾക്കു ജന്മം നൽകുക എന്നതാണ് ഉദ്ദേശ്യം. കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം നല്കി അവരെ സൗമ്യവും ശാന്തവുമായ മനസ്സിന്റെ ഉടമകളാക്കി വളർത്തി, സ്വഭാവത്തിലും ജീവിത ലക്ഷ്യത്തിലും എളിമയുളളവരാക്കി തീർക്കുവാൻ മാതാപിതാക്കൾ ഒരുമിച്ചു പരിശ്ര മിക്കുകയും പരസ്പരം സഹായിക്കുകയും ചേയ്യേതാണ്.

അല്ലാഹു സന്താനഭാഗ്യം നൽകി അനുഗ്രഹിച്ചപ്പോൾ ഇബ്രാഹിം നബി (അ) നടത്തിയ പ്രാർത്ഥന ഇത്തരുണത്തിൽ ചിന്താർഹമാണ്.

" വാർധക്യദശയിൽ എനിക്ക് ഇസ്മാഈലിനേയും ഇസ്ഹാഖിനേയും അനുഗ്രഹിച്ചു നൽകിയ അല്ലാഹുവിന് സർവ്വ സ്തുതിയും. തീർച്ചയായും എന്റെ നാഥൻ പ്രാർത്ഥന നല്ലവണ്ണം കേൾക്കുന്നവൻത്തന്നെയാണ്. എന്റെ നാഥാ! നീ എന്നെ നമസ്കാരം നല്ല പോലെ നിർവ്വഹിക്കുവാനാക്കേണമേ. എന്റെ സന്തതികളിൽ നിന്നുള്ള (എല്ലാ ഓരോ രുത്തരേയും നമസ്കാരം നല്ലപോലെ നിർവ്വഹിക്കുന്നവരാക്കേണമേ) ഞങ്ങളുടെ നാഥാ! എന്റെ പ്രാർത്ഥന സ്വീകരിച്ചാലും. (14:40, 41 –> ഇബ്റാഹിം).

അല്ലാഹുവിന്റെ തിരുമുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും ആരാധി ക്കുകയും ചെയ്യുന്ന സന്താനങ്ങളെയാണ് അദ്ദേഹം ആവശ്യപ്പെട്ടത്.

കുട്ടികളെ ദുഷിച്ചവരും നിരീശ്വരവാദികളുമായി വളർത്തികൊു വരു ന്നത് എത്ര വൃത്തിഹീനമായ പ്രവൃത്തിയാണ്! തങ്ങൾ ജന്മം നൽകിയ കുഞ്ഞുങ്ങളെ ഗൗനിക്കുക പോലും ചെയ്യാത്ത ആൾക്കാർ ഇക്കാലത്ത് ഒട്ടനവധിയാണ്.കുഞ്ഞു ങ്ങൾ ദൈവവിശ്വാസികളായാണോ വളരുന്നത് എന്നതൊന്നും അവർക്കു പ്രശ്നമേ യല്ല. വ്യക്തിപരമായ സുഖത്തിനും പിന്നെ ഭൗതികനേട്ടങ്ങൾ കരസ്ഥമാക്കുന്ന തിനുമായി കുട്ടികളെ വളർത്തുക. എന്നതാണ് അവരുടെ ദൃഷ്ടിയിൽ പ്രാധാന്യമർഹി

ക്കുന്ന വിഷയം. തത്ഫലമായി അവരും, ഇങ്ങനെ വളരുന്ന സന്താനപരമ്പരയും അവസാനം അഗ്നിക്ക് ഇരയാവുകയേ ഉള്ളൂ. നമ്മൾ മുസ്ലീങ്ങൾ ഇത്തരത്തിലുള്ള ചേതോവികാരത്തെ നിരാകരിക്കണം.

ഇണയെ തിരഞ്ഞെടുത്ത് ഒരു കുടുംബജീവിതം ആരംഭിയ്ക്കുമ്പോൾ , തന്റെ വിശ്വസ്ത ദാസർക്കായി പരമകാരുണികനായ അല്ലാഹു ഈ പ്രാർത്ഥന പഠിപ്പിച്ചു തന്നിരിക്കുന്നു.

'' ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്തതികളിൽ നിന്നും ഞങ്ങൾക്കു നീ കൺകുളിർമ (പരമസംതൃപ്തി) പ്രദാനം ചെയ്യേണമേ.'' ( 25 : 75 – അൽ ഫുർഖാൻ) .

ഒരു മുഖം ഉപേക്ഷിച്ചു പുതിയ മുഖങ്ങൾ പരതി നടക്കുന്ന കണ്ണുകൾ വിശ്വാസഘാതകന്റേതാണ്. അതവനെ നഷ്ടത്തിലേക്കാണു നയിക്കുന്നത്.

ഭാര്യാഭർത്താക്കന്മാർ പരസ്പരം സന്തോഷവും മനഃശാന്തിയും പകരുന്നവരായിരിക്കണം. അങ്ങനെയുള്ള ഒരു ജീവിതവുമായി താദാന്മ്യം പ്രാപിക്കണം. ആ പ്രശാന്തതയ്ക്കും നിർവൃതിക്കുമായി ജീവിതം സമർപ്പിക്കണം. ആ സമർപ്പണം വന്നു കഴിഞ്ഞാൽ കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം നൽകുന്നതിലും അവരുടെ വർത്തമാനവും ഭാവിയും സുരക്ഷിതമാക്കുന്നതിലും ശ്രദ്ധചെലുത്തുകയും അന്യോന്യം പിന്തുണ നൽകുകയും വേണം.

നല്ല പ്രവൃത്തികൾ അനുഷ്ഠിക്കുവാനുള്ള മാർഗ്ഗങ്ങൾ നിരവധിയാണ്. അതിൽ മത്സര ബുദ്ധിയുാവണം. നന്മ പ്രവർത്തിയ്ക്കുവാനും അതിൽ ഔന്നത്യം പ്രാപിയ്ക്കുവാനും ഉയർന്ന പ്രതീക്ഷകൾ വെച്ചു പുലർത്തുവാനും ഒരു മുസ്ലിം എപ്പോഴും തയാറായിരിക്കണം, ദൃഢചിത്തനായിരിക്കണം. മറ്റുള്ളവർക്കു നല്ല വഴികാട്ടിയാകണം. അലസനാവുകയോ കീഴ്ക്കിടയിലുള്ള പദവികളിലേക്ക് തരംതാഴ്ത്തപ്പെടുകയോ ചെയ്യാനിടയാവരുത്.

ഉറച്ച പ്രതിജ്ഞാബദ്ധത ഉായിരിക്കുക എന്നത് വിശ്വാസത്തിന്റെ ഭാഗമാണ്. ഫിർദൗസ് അന്വേഷിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

ഒരു യഥാർത്ഥ മുസ്ലിം കുടുംബം പടുത്തുയർത്തുന്നതിന് അശ്രാന്ത പരിശ്രമവും പ്രാർത്ഥനയും ആവശ്യമു്.

ഇൻശാ അല്ലാഹ് അടുത്ത വെള്ളിയാഴ്ച ഈ ഖുബുബ തുടരുന്നതായിരിക്കും.

*Issued by:*
*R. Jamaluddin Raother*
*Amir Jamaat Ul Sahih Al Islam*
*Kerala (Reg. No. A693/2010)*
*Phone: 9447001832 / 0475 2252530*
*E-mail: jamal.raother@gmail.com*
*Website: www.jamaat-ul-sahih-al-islam.com*

*Translated by:*
*Dr. Haseena M. Fazil Sahiba*